# CENTRAL BOARD OF SECONDARY EDUCATION

## SAMPLE QUESTION PAPER FOR SSE : 2024-25

Std X

Time Allowed : 3 Hrs — Maximum Marks : 80

അനുവദിച്ച സമയം : 3 മണിക്കൂർ — ആകെ മാർക്ക് : 80

## MALAYALAM (CODE - 012)

*The question paper is divided into two sections :*

| | | | |
|---|---|---|---|
| *Section A* | : | *Reading Comprehension (V.S.A.Q)* | |
| | : | *Vocabulary Building, Prose & Poetry (M.C.Q.)* | : 40 Marks |
| *Section B* | : | *Grammar, Composition* | |
| | | *Literature (Prose, Poetry & Supplementary Reader* | *:* 40 Marks |

**എ വിഭാഗം [Section : A]**

**1. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (ഓരോന്നിനും ഓരോ മാർക്ക് വീതം)** [8x1=8]

1903. റേഡിയോ ആക്ടീവത കണ്ടുപിടിച്ചിട്ട് ഏഴ് വർഷമായതേയുള്ളൂ. ശാസ്ത്രലോകം ബെക്യൂറലിന്റെയും മാഡംക്യൂറിയുടെയും ഗവേഷണഫലങ്ങളുടെ അർഥതലങ്ങളെപ്പറ്റി ചിന്തിച്ചു കൊണ്ടിരിക്കെ, റൂഥർ ഫോർഡിന്റെയും ഫ്രെഡറിക്സോഡിയുടെയും മനസ്സുകളിൽ ഒരു പുത്തൻ ആശയം ഉടലെടുക്കുന്നു. റേഡിയോ ആക്ടീവതയുടെ ഉറവിടം പദാർഥങ്ങളുടെ ഊർജ്ജം ഉൽഗമിപ്പിക്കാനുള്ള കഴിവായിരിക്കാമെന്ന് അവർക്ക് തോന്നി. 1903-ലെ മെയ് മാസത്തിൽ ഫ്രെഡറിക്സോഡി എഴുതി : 'റേഡിയോ ആക്ടീവത' പരിമിതികളില്ലാത്ത ഊർജ്ജത്തിലേക്കുള്ള ചൂണ്ടുപലകയാണ്. ഇനിമേൽ പദാർഥം വെറും ജഡവസ്തു മാത്രമല്ല, അത് ഊർജ്ജത്തിന്റെ കലവറ കൂടിയാകുന്നു'. 1908-ൽ തന്റെ പ്രഖ്യാതമായ "റേഡിയത്തിന്റെ വ്യാഖ്യാനം" എന്ന പുസ്തകത്തിൽ സോഡി ഒരുപടി കൂടി മുന്നോട്ടുപോയി. "പദാർഥത്തെ രൂപാന്തരപ്പെടുത്താൻ കഴിയുന്ന ഒരു സമൂഹത്തിന് വിയർപ്പിലൂടെ അപ്പം നേടേണ്ടതില്ല. അത്തരം സമൂഹത്തിന് ഒരു മരുഭൂമിയെ പരിവർത്തനം ചെയ്യാം, ധ്രുവങ്ങളിലെ മഞ്ഞുരുക്കാം, ലോകത്തെ മൊത്തത്തിൽ ഒരു പുഞ്ചിരിക്കുന്ന ഏദൻ പൂന്തോപ്പാക്കി മാറ്റാം''. പക്ഷേ, ആണവോർജ്ജത്തിന്റെ സ്വപ്നങ്ങളോടൊപ്പം സോഡിക്ക് അതേപ്പറ്റി ഭീതിയുമുണ്ടായിരുന്നു. 1903-ലെ ലേഖനത്തിൽ സോഡി എഴുതി : "ഈ ഭൂഗോളം പൊട്ടിത്തെറിക്കാവുന്ന പദാർഥങ്ങളുടെ ഒരു സംഭരണശാലയാണ്. നമുക്കറിവുള്ള എല്ലാ സ്ഫോടനങ്ങളെ ക്കാളും ഭീകരമായിരിക്കാം അവ. ഒരു വേള, അവ ഒരു തീപ്പൊരിക്കായി കാത്തുകിടക്ക യാണെന്നും വരാം". സോഡിയോടൊപ്പം ഈ ഭയം പങ്കുവെച്ച മറ്റു പലരും ഉണ്ടായിരുന്നു. ആറ്റത്തിന്റെ അനിതരസാധാരണമായ നശീകരണശക്തി ഒരു പ്രവാചകനെപ്പോലെ തിരിച്ചറിഞ്ഞവരിൽ പ്രധാനി ഒരു പക്ഷേ, എച്ച്.ജി.വെൽസ് ആയിരിക്കാം. 'The World Set Free' എന്ന അദ്ദേഹത്തിന്റെ നോവലിലാണ് 'അറ്റോമിക് ബോംബ്' എന്ന സംജ്ഞ ആദ്യമായി പ്രത്യക്ഷപ്പെട്ടത്. ശൃംഖലാ പ്രവർത്തനം വഴി റേഡിയോ ആക്ടീവതയുള്ള പദാർഥങ്ങൾക്ക് വൻതോതിലുള്ള ഊർജ്ജം ഉൽപ്പാദിപ്പിക്കാനാവുമെന്നും അത് ഒരു പൊട്ടിത്തെറിയിലേക്ക് വന്നെത്തുമെന്നും അദ്ദേഹം കരുതി. ആണവോർജ്ജ ത്തെപ്പറ്റിയുള്ള സ്വപ്നം ലാളിക്കുമ്പോഴും അതുണ്ടാക്കാവുന്ന ദുരന്തങ്ങളുടെ പ്രത്യാഘാതങ്ങളെപ്പറ്റി ശാസ്ത്രമനസ്സുകൾ ഉൽക്കണ്ഠാകുലരായിരുന്നു എന്ന്

പറയാനാണ് ഇത്രയും കുറിച്ചത്. അണുശക്തിയുടെ ദുരന്തഫലങ്ങളെപ്പറ്റിയുള്ള പ്രവചനങ്ങളൊക്കെയും ഹിരോഷിമയ്ക്കും നാഗസാക്കിക്കും മുമ്പിൽ നിഷ്പ്രഭമായിപ്പോയി. പിന്നീടാണ് റേഡിയോ ആക്ടീവത എന്ന പ്രതിഭാസം അത്യന്തം ഭയാനകമാണ് എന്ന് വ്യക്തമായത്. യുറേനിയം-235, യുറേനിയം-238 എന്നീ മൂലകങ്ങളുടെ അർധായുസ്സ് യഥാക്രമം 713-ഉം 415-ഉം വർഷങ്ങളാണെന്നത് ഞെട്ടിപ്പിക്കുന്നതാണ്. ജീവിവർഗ്ഗങ്ങളുടെ ചരിത്രത്തിന് 200 ദശലക്ഷം വർഷങ്ങളുടെ പഴക്കമേയുള്ളൂ എന്നത് ഇതോടൊപ്പം ഓർക്കുന്നത് നന്നായിരിക്കും.

**ചോദ്യങ്ങൾ**

(i) 'റേഡിയോ ആക്ടീവത' എന്ന പ്രതിഭാസം അത്യന്തം ഭയാനകമാണ് എന്ന് വ്യക്തമായത് എപ്പോഴാണ്?

(ii) ശാസ്ത്രമനസ്സുകൾ ഏത് കാര്യത്തിലാണ് ഉത്കണ്ഠാകുലരായത്?

(iii) 1908-ൽ സോഡി എഴുതിയ പുസ്തകത്തിന്റെ പേര് എന്താണ്?

(iv) ആറ്റത്തിന്റെ നശീകരണശക്തി ഒരു പ്രവാചകനെപ്പോലെ തിരിച്ചറിഞ്ഞവരിൽ പ്രധാനി ആരാണ്?

(v) "അറ്റോമിക് ബോംബ്" എന്ന സംജ്ഞ ആദ്യമായി പ്രത്യക്ഷപ്പെട്ടത് എപ്പോഴാണ്?

(vi) 'റേഡിയോ ആക്ടീവത'യെക്കുറിച്ച് ഗവേഷണം നടത്തിയ ശാസ്ത്രജ്ഞർ ആരെല്ലാം?

(vii) റേഡിയോ ആക്ടീവതയുള്ള പദാർത്ഥങ്ങൾക്ക് വൻതോതിലുള്ള ഊർജ്ജം ഉത്പാദിപ്പിക്കാൻ കഴിയുന്നത് ഏത് പ്രവർത്തനത്തിലൂടെയാണ്?

(viii) 1903-ൽ ഫ്രെഡറിക് സോഡി തന്റെ ലേഖനത്തിലൂടെ എന്താണ് എഴുതിയത്?

**2. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (ഓരോന്നിനും ഓരോ മാർക്ക് വീതം)** [7x1=7]

ഇടശ്ശേരി ഗോവിന്ദൻ നായരുടെ ഒന്നാമത്തെ കാവ്യസമാഹാരത്തിൽ കാണുന്ന ഒരു വൈശിഷ്ട്യം ഇതിൽ ഉൾപ്പെട്ട ഏതാണ്ട് എല്ലാ കൃതിയിലും ഒളിഞ്ഞോ തെളിഞ്ഞോ പരിസ്ഫുരിക്കുന്ന വിദഗ്ധമായ നർമബുദ്ധിയാണ്. അതാണ് ഈ യുവകവിയുടെ വ്യക്തിത്വത്തെ വ്യവച്ഛേദിച്ച് അദ്ദേഹത്തിന് സാഹിത്യലോകത്തിലുള്ള സ്ഥാനം നിർണയിക്കുന്ന ഉപാധിയായിരിക്കുക. നർമ്മബുദ്ധിയില്ലായ്കയാണ് ലോകത്തിലെ മിക്ക വൈഷമ്യങ്ങൾക്കും കാരണമെന്നും അതിനാൽ സമുദായത്തിൽ അതു വളർത്തുവാനാണ് സമാധാനകാംക്ഷികൾ പരിശ്രമിക്കേണ്ടതെന്നും ചിന്തകൻമാർ അഭിപ്രായപ്പെടുന്നുണ്ട്. മഹാത്മാഗാന്ധിയെപ്പോലെ ജീവിതത്തിൽ ഒട്ടേറെ കഠിനാനുഭവങ്ങൾ ഉണ്ടായിട്ടുള്ള പലരും സ്വജീവിതത്തിന്റെ രക്ഷാകർത്തൃത്വവും ആശ്വാസപ്രദത്വവും തങ്ങളുടെ നർമ്മബുദ്ധിക്കാണെന്നു സൂചിപ്പിക്കുന്നു. അപ്പോൾ ജീവിതത്തിന്റെ ആവിഷ്കർത്താവായിരിക്കേണ്ട കവിയിൽ അതിന്റെ പ്രയോജനാതിശയം ആലോചിച്ചറിയാമല്ലോ. ഈ നർമ്മ ബുദ്ധിയുടെ കാര്യത്തിൽ കേരളീയർ അത്ര ദരിദ്രരൊന്നുമല്ല. നമ്മുടെ സാഹിത്യത്തിലും അതിന് നല്ല സ്ഥാനം ലഭിച്ചിട്ടുണ്ട്. ഒരു ചേരമാൻ പെരുമാളുടെ നർമ്മസചിവനായിരുന്ന തോലകവി, ചമ്പൂ പ്രബന്ധകാരൻമാരായിരുന്ന നമ്പൂതിരിമാർ, കുഞ്ചൻനമ്പ്യാർ, ശീവൊള്ളി നാരായണൻ നമ്പൂതിരി എന്ന പാരമ്പര്യ വഴിക്ക് നമുക്ക് മഹത്തായ ഒരു ഹാസസാഹിത്യ ഭണ്ഡാരം തന്നെ കൈവന്നിട്ടുണ്ട്. അത് ഇന്നും അഭിവൃദ്ധിപ്പെട്ടുവരികയാണുതാനും. പക്ഷേ, അവ മുഴുവനും എന്നുതന്നെ പറയാം, നർമ്മബുദ്ധിയുടെ ഒരു വഴിക്കുള്ള പ്രകടനം മാത്രമേ ആകുന്നുള്ളൂ. വികൃത ചേഷ്ഠാനുകരണങ്ങളെക്കൊണ്ടും ഭാഷാനുകരണ ങ്ങളെക്കൊണ്ടും ഹാസ്യഭാവം പരത്തുന്ന ചാക്യാരുടെ, പൊറാട്ടുകാരന്റെ നർമ്മപ്രകാശനമാണ് അവയിലുള്ളത്.

**ചോദ്യങ്ങൾ**

(i) ആരുടെയെല്ലാം പാരമ്പര്യവഴികളിൽ നിന്നാണ് നമുക്ക് മഹത്തായ ഒരു ഹാസസാഹിത്യഭണ്ഡാരം കൈവന്നത്?

(ii) ചിന്തകന്മാർ എന്താണ് അഭിപ്രായപ്പെടുന്നത്?

(iii) ആരുടെ കൃതികളിലാണ് ഒളിഞ്ഞോ തെളിഞ്ഞോ വിദഗ്ധമായ നർമ്മബുദ്ധി പരിസ്ഫുരിക്കുന്നത്?

(iv) ചാക്യാർ എങ്ങനെയാണ് ഹാസ്യഭാവം പരത്തുന്നത്?

(v) 'ഹാസ്യം' എന്ന വാക്കിന് പകരമായി ഈ ഖണ്ഡികയിൽ ആവർത്തിച്ചുവരുന്ന പദം ഏതാണ്?

(vi) മഹാത്മാഗാന്ധിയെപ്പോലെ ഒട്ടേറെ കഠിനാനുഭവങ്ങൾ ഉണ്ടായിട്ടുള്ള പലരും എന്താണ് സൂചിപ്പിക്കുന്നത്?

(vii) ആരുടെ നർമ്മസചിവനാണ് തോലകവി?

**3. തന്നിരിക്കുന്ന പത്തു ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.** [7x1=7]

(i) 'കളത്രം' എന്ന വാക്കിന്റെ പര്യായപദം താഴെത്തന്നിരിക്കുന്നവയിൽ ഏതാണ്?

(A) ഭഗിനി (B) അമ്മ

(C) ഭാര്യ (D) നാരി

(ii) 'ഗുമസ്തൻ' എന്ന വാക്കിന്റെ എതിർലിംഗം ഏതാണ്?

(A) ഗുമസ്തി (B) ഗുമസ്ത

(C) ഗുമസ്തത്തി (D) ഗുമസ്തിനി

(iii) 'പ്രായോപവേശം' എന്ന വാക്കിന്റെ അർഥമെന്ത്?

(A) മരണം വരെ നിരാഹാരം അനുഷ്ഠിക്കുക

(B) പ്രായം വർധിക്കുക

(C) വളർന്നുവരിക

(D) ദുഃഖം അനുഭവിക്കുക

(iv) 'പരിണാമം-പരിമാണം' ഈ വാക്കുകളുടെ അർഥവ്യത്യാസം എന്താണ്?

(A) മാറ്റം-അളവ് (B) അളവ്-മാറ്റം

(C) മാറ്റം-അറിവ് (D) അറിവ്-മാറ്റം

(v) 'ശ്രദ്ധാഞ്ജലി' എന്ന വാക്കിന്റെ വിഗ്രഹാർഥം എന്താണ്?

(A) ശ്രദ്ധയും അഞ്ജലിയും

(B) ശ്രദ്ധയായ അഞ്ജലി

(C) ശ്രദ്ധയോടെയുള്ള അഞ്ജലി

(D) ശ്രദ്ധയില്ലാത്ത അഞ്ജലി

(vi) 'യതി' എന്ന വാക്കിന്റെ നാനാർഥം ഏതാണ്?

(A) സന്ന്യാസി, വിരാമം (B) യാഗം, മരവുരി

(C) പശു, ചുവപ്പ് (D) ധാര, പാടലം

(vii) 'ബാലജീവിതത്തെ ഹനിച്ചവൻ' എന്ന അർഥത്തിൽ പ്രയോഗിക്കുന്ന ഒറ്റവാക്ക് ഏതാണ്?

(A) ബാലജീവിതഹനൻ (B) ബാലജീവിതവിരുദ്ധൻ

(C) ബാലജീവിതഹാതി (D) ബാലജീവിതഘാതി

(viii) 'മധുരോദാരം' എന്ന വാക്ക് എങ്ങനെയാണ് പിരിച്ചെഴുതുക?

(A) മധു+ഉദാരം (B) മധുര+ഉദാരം

(C) മധുര+ഓദാരം (D) മധുരോ+ഉദാരം

(ix) 'നിരർഥകം' എന്ന വാക്കിന്റെ വിപരീതപദം എന്താണ്?

(A) സാർഥകം (B) അനിരർഥകം

(C) അർഥകം (D) വിശിഷ്ടാർഥകം

(x) താഴെക്കൊടുത്തിട്ടുള്ള പദങ്ങളിൽ ശരിയായത് തെരഞ്ഞെടുത്തെഴുതുക.

(A) ദർദ്ധുരം (B) ദർദ്ദുരം

(C) ദർധുരം (D) ദർത്ഥുരം

**4. തന്നിരിക്കുന്നതിൽ നിന്ന് ഒൻപത് ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** [9x2=18]

(a)(i) നളിനിയുടെ കണ്ണുനീരണിഞ്ഞ മുഖത്തെ കവി എങ്ങനെയാണ് വർണിക്കുന്നത്?

(A) ചാരുശൈശവകഥയ്ക്ക് യോജിച്ചപോൽ

(B) നിജകർമ്മനീതരായ ശരീരികളെപ്പോലെ

(C) സ്മൃതിയിലുള്ളതുപോലെ

(D) മഞ്ഞുതൻധാരയാർന്ന പനിനീർപ്പൂപോലെ

(ii) 'നളിനി' എന്ന ഖണ്ഡകാവ്യത്തിന് ആശാൻ നൽകിയ മറ്റൊരു പേര് എന്താണ്?

(A) നളിനി എന്ന കാവ്യശില്പം (B) ഒരു സ്നേഹം

(C) വീണപൂവ് (D) ആശാന്റെ സീതാകാവ്യം

(b)(i) മുക്തിക്ക് വിഘ്നം വരുത്തുവാൻ ഏറ്റവും ശക്തമായത് എന്താണ്?

(A) ക്രോധം (B) കാമം

(C) ലോഭം (D) മോഹം

(ii) ലക്ഷ്മണസാന്ത്വനം എന്ന കാവ്യഭാഗം തുഞ്ചത്ത് എഴുത്തച്ഛന്റെ 'അധ്യാത്മരാമായണം കിളിപ്പാട്ടി'ൽ നിന്നും എടുത്തതാണ്. ഏത് കാണ്ഡത്തിൽ നിന്നാണ് ഈ ഭാഗം എടുത്തത്?

(A) ബാലകാണ്ഡം (B) അയോദ്ധ്യാകാണ്ഡം

(C) ആരണ്യകാണ്ഡം (D) കിഷ്കിന്ധാകാണ്ഡം

(c)(i) 'ആകാശ ഗോപുരങ്ങൾക്കു താഴത്തവ നാളേക്കുവേണ്ടി ഉറങ്ങാൻ ശ്രമിക്കുന്നു'. ആരാണ് ഉറങ്ങാൻ ശ്രമിക്കുന്നത്?

(A) അമ്മ (B) വിദ്യാലയ മുറ്റം

(C) തെരുവീഥികൾ (D) കനത്ത ഇരുളിടം

(ii) ഈ വരികൾ ഏത് കവിതയിൽ നിന്ന് എടുത്തതാണ്?

(A) സ്വപ്നവാങ്മൂലം (B) ഗ്രാമവൃക്ഷത്തിലെ വവ്വാൽ

(C) ശിവകാമി (D) അമ്മത്തൊട്ടിൽ

(d)(i) "പഴമയിലിഴയും പല്ലുകൊഴിഞ്ഞൊരു പാട്ടാണെന്നു പഴിക്കാമിന്ന്". ആരാണ് പഴിക്കുന്നത്?

(A) ഓണത്തപ്പൻ (B) ഓണക്കോടിയുടുത്ത ഉഷസ്സ്

(C) പുള്ളുവൻ (D) പരിഷ്കാരത്തിൻ തിണ്ണയിലുള്ളവൻ

(ii) "കാച്ചിക്കുറുക്കിയ കവിത" എന്നറിയപ്പെടുന്നത് ആരുടെ കവിതയാണ്?

(A) കുമാരനാശാന്റെ (B) വൈലോപ്പിള്ളി ശ്രീധരമേനോന്റെ

(C) തുഞ്ചത്ത് എഴുത്തച്ഛന്റെ (D) റഫീക്ക് അഹമ്മദിന്റെ

(e)(i) "മർത്ത്യജന്മം ക്ഷണഭംഗുരം" ഏതുപോലെയാണ് മനുഷ്യജന്മം ക്ഷണഭംഗുരം ആയിട്ടുള്ളത്?

(A) രാഗാദിസങ്കുലമായ സംസാരംപോലെ

(B) കാമക്രോധലോഭമോഹാദികൾപോലെ

(C) പുത്രമിത്രാർഥകളത്രാദിസംഗമംപോലെ

(D) വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുപോലെ

(ii) "എത്രയും അല്പകാലസ്ഥിതമായത്" എന്താണെന്നാണ് ശ്രീരാമൻ ലക്ഷ്മണനോട് പറയുന്നത്?

(A) പുത്രമിത്രാർത്ഥകളത്രാദിസംഗമം

(B) നിശ്ശേഷധാന്യധനാദികൾ

(C) ദേഹാഭിമാനം

(D) അവിദ്യ

(f)(i) "ഇന്ന് മംഗളത്തിനു വേണ്ടി നാം പാളയത്തിൽ നിന്ന് പുറത്തു പാർക്കണം" ഇങ്ങനെ ആരാണ് പറഞ്ഞത്?

(A) യുധിഷ്ഠിരൻ (B) സാത്യകി

(C) ശ്രീകൃഷ്ണൻ (D) സഞ്ജയൻ

(ii) എവിടെയാണ് അവർ പാർത്തത്?

(A) ശിബിരദ്വാരത്തിൽ (B) സമന്തപഞ്ചകത്തിൽ

(C) പടപ്പാളയത്തിൽ (D) ഓഘവതീനദീതീരത്ത്

(g)(i) "ആറാട്ടുകുന്നിന്റെ ചരിത്രത്തിൽ ഒരു സംഭവം തന്നെയായിരുന്നു അത്". ഏത്?

(A) തയ്യൽക്കടയിൽ റേഡിയോ പ്രവർത്തിച്ചു തുടങ്ങിയത്

(B) ബാലമണ്ഡലത്തിൽ ചാക്കുണ്ണിയുടെ മകൻ പാടിയത്

(C) ആറാട്ടുകുന്നിൽ ആദ്യമായി ബസ് എത്തിയത്

(D) ചെമ്പു മത്തായി പണയമുതൽ തിരികെ നൽകിയത്

(ii) ഏതു കഥയിലെ കഥാപാത്രമാണ് ചാക്കുണ്ണി?

(A) കടൽത്തീരത്ത് (B) പണയം

(C) വെള്ളപ്പൊക്കത്തിൽ (D) ഉതുപ്പാന്റെ കിണർ

(h)(i) "ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങിവന്നു". എവിടെ നിന്നാണ് ബലിക്കാക്കകൾ ഇറങ്ങി വന്നത്?

(A) ആകാശത്തുനിന്ന്

(B) വൃക്ഷക്കൊമ്പിൽ നിന്ന്

(C) വെയിലിന്റെ മുകൾത്തട്ടിൽ നിന്ന്

(D) തീവണ്ടിയാപ്പീസിൽ നിന്ന്

(ii) ആരാണ് ആ അന്നം ബലിക്കാക്കകൾക്ക് നൽകിയത്?

(A) വെള്ളായിയപ്പൻ (B) കണ്ടുണ്ണി

(C) പാറാവുകാരൻ (D) നീലി

(i)(i) "ശപിക്കപ്പെട്ടവൻ എന്ന വാക്ക് മുഴുവൻ അർഥത്തിൽവല്ലവരെപ്പറ്റിയും പറയാമെങ്കിൽ..."ആരെപ്പറ്റിയാണ് പറയാൻ കഴിയുക?

(A) ദുര്യോധനനെപ്പറ്റി (B) ഭീമനെപ്പറ്റി

(C) ദ്രൗണിയെപ്പറ്റി (D) ശകുനിയെപ്പറ്റി

(ii) കുട്ടികൃഷ്ണമാരാര് ഏത് സാഹിത്യ ശാഖയുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) നോവൽ (B) ചെറുകഥ

(C) നാടകം (D) നിരൂപണം

(j)(i) “വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്.”ആര് ആരോടാണ് ഇങ്ങനെ പറഞ്ഞത്?

(A) കുട്ട്യസ്സൻ മാപ്പിള വെള്ളായിയപ്പനോട്

(B) വെള്ളായിയപ്പൻ കോടച്ചിയോട്

(C) കോടച്ചി നീലി മണ്ണാത്തിയോട്

(D) കണ്ടുണ്ണി വെള്ളായിയപ്പനോട്

(ii) എപ്പോഴാണ് ഇങ്ങനെ പറഞ്ഞത്?

(A) കണ്ടുണ്ണിയെ തൂക്കിക്കൊന്നു എന്നറിഞ്ഞപ്പോൾ

(B) 15 ഉറുപ്പികയും നാലണയും വെള്ളായിയപ്പൻ കുട്ട്യസ്സന് നൽകാനുണ്ട് എന്ന് പറഞ്ഞപ്പോൾ

(C) തീവണ്ടിയാപ്പീസിൽ നിന്ന് ട്രെയിൻപോയി എന്ന് പറഞ്ഞപ്പോൾ

(D) കോടച്ചി ചോറുപൊതി കെട്ടിക്കൊടുത്തപ്പോൾ

**ബി വിഭാഗം [Section : B]**

**5 (a) അംഗവാക്യം, അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക** [2x1=2]

(i) പുണ്യവും ത്രൈലോക്യപ്രസിദ്ധവുമായ സമന്തപഞ്ചകത്തിൽ കിടന്നു മരിക്കയാൽ ഞാൻ ശാശ്വതലോകങ്ങൾ നേടും.

(ii) ഗുമസ്തൻ ചീട്ടെടുത്ത് അച്ചുകുത്തി ജനാലയിലൂടെ പുറത്തേക്കിട്ടപ്പോൾ യാത്രയിൽ ഒരുഘട്ടം താണ്ടിയതുപോലെ വെള്ളായിയപ്പനു തോന്നി.

**(b) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക** [2x1=2]

(i) ചാക്കുണ്ണിയുടെ തയ്യൽയന്ത്രത്തിനുമുമ്പിൽ അഭിമുഖമായി ചുമരിൽ കുറച്ച് ഉയർത്തിപ്പിടിച്ച തട്ടിൽ ആ റേഡിയോ ഇരുന്നു.

(ii) മുണ്ടകപ്പാടത്തിന്റെ വരമ്പത്ത് തന്റെ ചെറുവിരലിൽ പിടിച്ചുകൊണ്ട് വൈകുന്നേരത്തെ അസ്തമയത്തിന്റെ പക്ഷികളെ നോക്കി അത്ഭുതപ്പെട്ട മകനെ വെള്ളായിയപ്പൻ ഓർത്തു.

**(c) പ്രയോഗം മാറ്റുക** [2x1=2]

(i) എന്റെ അച്ഛൻ ആ ദുഷ്ടന്മാരാൽ കൊടുംക്രൂരത കാട്ടി വധിക്കപ്പെട്ടു.

(ii) ചുറ്റുപാടുമുള്ള യാത്രക്കാർ അപ്പോൾ അയാളെ ആദരവോടെ നോക്കി.

**(d) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക** [2x1=2]

(i) കഥകഴിക്കുക (ii) കടുംകൈ ചെയ്യുക (iii) അന്ധാളിക്കുക

**6(a) താഴെക്കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക** [5]

(A) ആഗോളതലത്തിൽ ഭാരതം ആർജ്ജിച്ച നേട്ടങ്ങൾ

അല്ലെങ്കിൽ

(B) സാമൂഹികമാധ്യമങ്ങളും വിദ്യാർത്ഥികളും

(b) നിങ്ങളുടെ പ്രദേശത്ത് വന്യമൃഗശല്യം ഏറ്റവും രൂക്ഷമാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് എത്രയും വേഗം നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിച്ചു കൊണ്ട് ജനകീയസമിതിയുടെ അധ്യക്ഷൻ എന്ന നിലയിൽ വനം - വന്യജീവി വകുപ്പു മന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക. [5]

(c) വർധിച്ചുവരുന്ന റോഡപകടങ്ങളിൽ അനേകായിരം ആളുകൾക്കാണ് ജീവൻ നഷ്ടപ്പെടുന്നത്. ഇതിനെ പ്രതിരോധിക്കാൻ വേണ്ട നടപടികൾ നിർദ്ദേശിച്ചുകൊണ്ട് ഒരു പത്രറിപ്പോർട്ട് തയ്യാറാക്കുക. [4]

**7. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക (ഓരോന്നിനും മൂന്നു മാർക്ക് വീതം)** [2x3=6]

(a) "എന്തോരം ആളോളടെ പണ്ടോം മൊതലും എടവാടു നടത്ത്യ തറവാടാ ഇദ്! അതിന്റെടയ്ക്കാ നെന്റെ ഈ ചിണുങ്ങു റേഡിയോ ! ആരാണ് ഇങ്ങനെ പറയുന്നത്? ഇവിടെ പ്രകടമാകുന്ന മനോഭാവം എന്താണ്? വിശദമാക്കുക.

(b) "അതിനെ, അവനെ, എപ്പോഴും എവിടെയും കരുതിയിരുന്നു കൊള്ളുക" ആരാണ് കരുതിയിരിക്കേണ്ടത്? എന്തുകൊണ്ടാണ് ഇങ്ങനെ ഒരു താക്കീത് ലേഖകൻ നൽകുന്നത്?

(c) "രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് സാന്ത്വനത്തിന്റെ നിറവ്". ഇത്തരം അർത്ഥപൂർണങ്ങളായ മൗനങ്ങൾ ഈ കഥയിലുടനീളം കാണാൻ കഴിയും". കടൽത്തീരത്ത് എന്ന കഥയിൽ മൗനത്തിനുള്ള പ്രാധാന്യത്തെപ്പറ്റി വിശദമാക്കുക.

**8. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (ഓരോന്നിനും മൂന്നു മാർക്കു വീതം)** [2x3=6]

(a) "ക്രോധം പരിത്യജിക്കേണം ബുധജനം" ഇങ്ങനെ കവി പറയാനുള്ള കാരണങ്ങൾ എന്തെല്ലാം?

(b) ഇന്നത്തെ സമൂഹത്തിൽ അമ്മമാർ അനുഭവിക്കുന്ന പ്രശ്നങ്ങളുടെ നേർചിത്രമാണ് "അമ്മത്തൊട്ടിൽ" എന്ന കവിത. കവിതാഭാഗത്തെ അടിസ്ഥാനമാക്കി വിശദമാക്കുക.

(c) "ഭാവശാലികൾ പിരിഞ്ഞുകൂടിയാലീവിധം വികലമാം സുഖോദയം" ഇങ്ങനെ പറയുന്നതെന്തുകൊണ്ട്?

**9. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക (ഓരോന്നിനും മൂന്നു മാർക്കു വീതം)** [2x3=6]

(a) സ്വാമി വിവേകാനന്ദനെപ്പോലും അത്ഭുതപ്പെടുത്തിക്കൊണ്ട് ചട്ടമ്പി സ്വാമികൾ തന്റെ അറിവ് പ്രകടമാക്കിയത് എങ്ങനെ?

(b) 'തന്നോടൊപ്പമുള്ളവർക്ക് തനിക്കു ലഭിക്കുന്ന അതേ പരിഗണന ലഭിക്കണം എന്ന് ചട്ടമ്പി സ്വാമികൾക്ക് നിർബന്ധമുണ്ടായിരുന്നു' എന്ന് തെളിയിക്കുന്ന സംഭവം എന്താണ്?

(c) ചട്ടമ്പിസ്വാമികൾക്ക് "വിദ്യാധിരാജൻ" എന്ന ബഹുമതി ലഭിച്ചതെങ്ങനെ?